പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2754 20-06-2013-ൽ മറുപടി നൽകേണ്ടത്.

## റവന്യൂ വകുപ്പിൽ നടന്ന സ്ഥലം മാറ്റം

| ചോദ്യം<br>ശ്രീ. വി. ശശി | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമല്ലാതെ റവന്യൂ വകുപ്പിൽ എത്ര സ്ഥലം മാറ്റം നടന്നുവെന്ന് വ്യക്തമാക്കുമോ ; തസ്തിക തിരിച്ച് എണ്ണം നൽകുമോ ; | (എ) റവന്യൂ വകുപ്പിൽ പൊതു സ്ഥലം മാറ്റം നിലവിലില്ല. പ്രമോഷൻ നടക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേക്കാണ് സ്ഥലം മാറ്റം നൽകി വരുന്നത്. |
| (ബി) റിട്ടയർ ചെയ്യാൻ ഒരു വർഷത്തിൽ താഴെ മാത്രം സർവ്വീസുള്ള എത്ര ജീവനക്കാരെ ഈ കാലയളവിൽ സ്ഥലം മാറ്റിയെന്ന് വ്യക്തമാക്കാമോ ; ഇത്തരത്തിൽ സ്ഥലം മാറ്റപ്പെട്ടവരുടെ എണ്ണം തസ്തിക തിരിച്ച് നൽകാമോ ; | (ബി) പ്രമോഷൻ നൽകേണ്ട സാഹചര്യമുണ്ടാകുമ്പോൾ സ്വന്തം ജില്ലയിൽ ഒഴിവ് ഇല്ലാതെ വന്നാൽ താത്ക്കാലികമായി മറ്റ് ജില്ലകളിൽ (അതായത് റീ അലോട്ട്മെന്റ് നിലവിലില്ലാത്ത ജില്ലകളിൽ) പ്രൊമോഷൻ നൽകി നിയമനം നൽകുകയും വിരമിക്കാൻ ഒരു വർഷം മാത്രം ബാക്കിയുള്ളവർക്ക് മുൻഗണന നൽകി സ്വന്തം ജില്ലയിലേക്കും സ്ഥലം മാറ്റം നൽകി വരുന്നു. ഹെഡ് ക്ലാർക്ക്/ വില്ലേജ് ഓഫീസർ/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 10 പേർക്കും ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 18 പേർക്കും ഇങ്ങനെ സ്ഥലം മാറ്റം നൽകിയിട്ടുണ്ട്. |
| (സി) വിരമിക്കലിന് ഒരു വർഷത്തിൽ താഴെ സർവ്വീസുള്ള ജീവനക്കാരെ സ്ഥലം മാറ്റാനുള്ള കാരണം വ്യക്തമാക്കുമോ ; | (സി) വിരമിക്കലിന് ഒരു വർഷത്തിൽ താഴെ സർവ്വീസുള്ള ജീവനക്കാരെ അച്ചടക്ക നടപടിയുടെ ഭാഗമായിട്ടോ, വിജിലൻസ് വകുപ്പിന്റെ ശുപാർശ പ്രകാരമോ പ്രമോഷന്റെ ഭാഗമായോ സ്ഥലം മാറ്റി നിയമിക്കാറുണ്ട്. |
| (ഡി) ഇത്തരത്തിൽ മാനദണ്ഡങ്ങൾ ലംഘിച്ചുള്ള സ്ഥലം മാറ്റങ്ങൾ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (ഡി) മാനദണ്ഡങ്ങൾ പാലിച്ചാണ് സ്ഥലം മാറ്റം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ